# അവസരങ്ങൾ നൽകി നീര വിപ്ലവം

ജോമി കുര്യാക്കോസ്
കോട്ടയം

കൽപ്പവൃക്ഷമായ തെങ്ങ് ഇനി വരുമാനത്തിനൊപ്പം തൊഴിലും നൽകും. കേരളത്തിൽ വിപ്ലവം സൃഷ്ടിക്കാനൊരുങ്ങുന്ന നീര ഉത്പാദനത്തിൽ പുത്തൻ വഴിത്താരകൾ തേടുകയാണ് നീര ഉത്പാദനത്തിനും സംസ്കരണത്തിനും വിപണനത്തിനും കോട്ടയം ജില്ലയിൽ ആദ്യമായി ലൈസൻസ് ലഭിച്ച ചങ്ങനാശേരി റീജണൽ ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി.

യുവതീയുവാക്കൾക്കു പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് സൊസൈറ്റി പുതുചരിത്രം സൃഷ്ടിക്കുന്നത്. നീര ഉത്പാദനത്തിനായി തെങ്ങ് ചെത്ത് മേഖലയിലാണു സൊസൈറ്റി തൊഴിലവസരങ്ങൾ നല്കിത്തുടങ്ങിയിരിക്കുന്നത്. നിലവിൽ രണ്ടു യുവതികൾ ഉൾപ്പെടെ 20 പേർ സൊസൈറ്റിയുടെ നേതൃത്വത്തിൽ തൊഴിലെടുക്കുന്നു. ചങ്ങനാശേരി, നെടുമണ്ണി, വാകത്താനം തുടങ്ങിയ പ്രദേശത്തെ നൂറോളം തെങ്ങുകളാണു നിലവിൽ ചെത്തുന്നത്. 1500 തെങ്ങുകൾക്ക് നീര ഉത്പാദനത്തിന് എക്സൈസ് ലൈസൻസ് ഇതിനോടകം ലഭിച്ചുകഴിഞ്ഞു. തെങ്ങു ചെത്ത് പൂർണതോതിൽ എത്തുന്നതോടെ ചങ്ങനാശേരിയും സമീപ പഞ്ചായത്തുകളും നീരയുടെ സ്വന്തം നാടാകുകയാണ്. ഇതുവഴി 150 പേർക്ക് തൊഴിലവസരങ്ങൾ നല്കാനും സാധിക്കുമെന്നാണ് സൊസൈറ്റിയുടെ കണക്കുകൂട്ടൽ. പഠനകാലയളവിൽ 15,000 രൂപയാണ് ഓരോ തൊഴിലാളിക്കും നല്കുന്നത്. തെങ്ങു കർഷകർക്ക് പുത്തൻ ഉണർവ് നല്കി നീര ഉത്പാദനം വ്യാപകമാക്കാനാണു സൊസൈറ്റിയുടെ പരിശ്രമം.



വനിതാ ടെക്നീഷൻ കൃഷ്ണകുമാരി ദിനേശൻ നെടുമണ്ണിയിലുള്ള പുരയിടത്തിലെ തെങ്ങിൽ നീര ഉത്പാദനത്തിൽ.

സൊസൈറ്റിക്കു കീഴിൽ 20 കേരോത്പാദകസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കായഫലമുള്ള 3000 തെങ്ങുകൾ കൃഷി ചെയ്യുന്ന 40 മുതൽ 100 വരെ കർഷകർ അടങ്ങുന്നതാണ് ഒരു കേരോല്പാദക സംഘം. ഇത്തരത്തിൽ 20 സംഘങ്ങൾ ഫെഡറേഷനു കീഴിലുണ്ട്. ഈ സംഘങ്ങളെല്ലാം തന്നെ മൂന്നുമാസത്തിനുള്ളിൽ പൂർണതോതിൽ ഉത്പാദനം ആരംഭിക്കാനാകുമെന്ന പ്രതീക്ഷയിലാണു സംഘാടകർ. വാകത്താനം ഉണ്ണാമറ്റം പടിഞ്ഞാറേപ്പറമ്പിൽ ഫിലിപ് പി. ജേക്കബ്, മാമ്മൂട് പാറുകണ്ണിൽ സണ്ണി കുര്യാക്കോസ്, പാറുകണ്ണിൽ ഏലിയാമ്മ കുര്യാക്കോസ്, നെടുമണ്ണി

വടക്കുംമുറി ജേക്കബ്, പീലിയാനിക്കൽ ജോൺ, വടക്കുംമുറി ഔതക്കുട്ടി, ശ്രീവിലാസം പി.ജി. ഹരിലാൽ എന്നിവരുടെ പുരയിടത്തിലെ തെങ്ങുകളിൽനിന്നാണു നീര ഉത്പാദനം തുടങ്ങിയത്. ചെത്തു തൊഴിലാളികൾക്ക് നാളികേര വികസന ബോർഡിന്റെ ആലുവയിലുള്ള ടെക്നോളജി മിഷനിൽ പരിശീലനം നല്കി മാസ്റ്റർ ട്രെയിനികളായി നിയമിച്ചിരിക്കുകയാണ്. 18നും 45നും മധ്യേപ്രായമുള്ള യുവതീയുവാക്കളെയാണ് ഒന്നരമാസത്തെ പരിശീലനത്തിന് അയയ്ക്കുന്നത്. 10 പേരടങ്ങുന്ന രണ്ടാമത്തെ ബാച്ച് ഉടൻ പുറത്തിറങ്ങും. ഒരാൾക്ക് 10 തെങ്ങ് വീതമാണു നീര ഉത്പാദനത്തിനായി നല്കുന്നത്. രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും തെങ്ങിന്റെ വിടരാറായ പൂങ്കുല ചെത്തും. രാവിലെയും വൈകുന്നേരങ്ങളിലുമാണ് നീര എടുക്കുന്നത്. പൂങ്കുലയിൽനിന്ന് ഊറിവരുന്ന ദ്രാവകം പ്രത്യേകപാത്രത്തിൽ ശേഖരിക്കുന്നതാണ് നീര. പുളിക്കാതിരിക്കാൻ ആന്റി ഫെർമന്റേഷൻ മിക്സ് ഏതാനും തുള്ളി ചേർത്ത് പ്ലാസ്റ്റിക് കാനിൽ ശേരിച്ച് കൊല്ലത്തെ നീര ഉത്പാദക കമ്പനിയിൽ എത്തിക്കുകയാണു ചെയ്യുന്നത്. ഒരു തെങ്ങിൽനിന്നും ശരാശരി ഒരു ലിറ്റർ മുതൽ മൂന്നു ലിറ്റർവരെനീര ലഭിക്കും. ലിറ്ററിന് 150 രൂപയാണു വില. ലിറ്ററിന് 50 രൂപ കർഷകനും 50 രൂപ ടെക്നീഷനും ലഭിക്കും. 50 രൂപ സംസ്കരണത്തിനും മൂല്യവർധിത ഉത്പന്നങ്ങളുടെ ഉത്പാദനത്തിനായി റീജണൽ ഫെഡറേഷനും അടയ്ക്കണം. ഒരു തെങ്ങിൽനിന്നും ഒരു ലിറ്റർ വീതം നീര ഉത്പാദിപ്പിച്ചാൽ കർഷകനു പ്രതിമാസം 1500 രൂപ ലഭിക്കും. നീരയുടെ അളവനുസരിച്ച് ടെക്നീഷനും വരുമാനം ലഭിക്കും. നന്നായി വളരുന്ന തെങ്ങുകൾ മാത്രമേ ഉത്പാദനത്തിന് ഉപയോഗിക്കാനാകൂ. നീര പുളിക്കാതിരിക്കാനും ആൽക്കഹോളിന്റെ സാന്നിധ്യം ഉണ്ടാകാതിരിക്കാനുമാണ് ആന്റി ഫെർമെന്റേഷൻ മിക്സ് ചേർക്കുന്നത്. തെങ്ങിൽനിന്നും ശേഖരിക്കുന്ന നീര ആറുമണിക്കൂറിനുള്ളിൽ കൊല്ലം കൈപ്പുഴയിലെത്തിച്ച് സംസ്കരിക്കുകയാണു ചെയ്യുക. പ്രകൃതിദത്ത ആരോഗ്യപാനീയമായാണു നീരയെ വിശേഷിപ്പിക്കുന്നത്. പാനീയമായി കുടിക്കുന്നതിനൊപ്പം തേൻ, പഞ്ചസാര, ചക്കര, കോക്കനട്ട് പാം സിറപ്പ്, ഐസ്ക്രീം, ചോക്ലേറ്റ്, കേക്ക് തുടങ്ങിയവയും നീരയിൽനിന്നും ഉത്പാദിപ്പിക്കുന്നുണ്ട്. ചങ്ങനാശേരിയിൽ നീര ഉത്പാദന യൂണിറ്റ് ആരംഭിക്കാനുള്ള പരിശ്രമത്തിലാണു സൊസൈറ്റി അധികൃതർ. ഫെഡറേഷൻ ഭാരവാഹികളായ വി.ഒ. ഔതക്കുട്ടി, എബ്രഹാം കോർഎപ്പിസ്കോപ്പ കോതകേരിൽ, അജിത് മുതിരമല, പി.സി. മാത്യു, പി.വി. ജോസ് എന്നിവരാണു പദ്ധതിക്ക് നേതൃത്വം നല്കുന്നത്. ജില്ലയിലുടനീളം നീര ഔട്ട്ലറ്റുകൾ തുടങ്ങാനുള്ള തീരുമാനത്തിലാണ് ഫെഡറേഷൻ.